വഴിവെളിച്ചം

# കുടുംബ ബന്ധങ്ങൾ ചേർക്കുക

عن عبد الرَّحمن بن عَوف رَضي اللّٰه عنه ، قَال : سَمِعْتُ رَسُول اللّٰه ﷺ يَقُولُ : قَال اللّٰهُ عَزَّوجَلَّ : أَنَا اللّٰه ، وَأَنَا الرَّحْمن ، خَلَقْتُ الرَّحِمَ وَشَقَقْتُ لَهَا إِسْمًا مِن إِسْمِي، فَمَنْ وَصَلَهَا وَصَلْتُه وَمَنْ قَطَعَهَا قَطَعْتُهُ.

**അബ്ദുർറഹ്മാനുബ്നു ഔഫി(റ)ൽനിന്ന്: നബി(സ) പറയുന്നത് ഞാൻ കേട്ടു: അല്ലാഹു പറഞ്ഞിരിക്കുന്നു: "ഞാനാണ് അല്ലാഹു. ഞാനാണ് പരമ കാരുണികൻ. കുടുംബബന്ധം സൃഷ്ടിച്ചത് ഞാനാണ്. എന്റെ പേരുകളിൽനിന്ന് ഒരു പേര് ഞാനതിന് നൽകുകയുംചെയ്തു. അതിനാൽ കുടുംബബന്ധം ചേർക്കുന്നവനുമായി ഞാൻ ബന്ധംചേർക്കും; അത് മുറിക്കുന്നവനുമായി ഞാനും ബന്ധം വിഛേദിക്കും!"***

**സാമൂഹികജീവിയായ** മനുഷ്യന് ഒറ്റക്കു ജീവിക്കുക സാധ്യമല്ല. വിപുലമായ ബന്ധങ്ങളുടെ കണ്ണികളാണ് ഓരോ മനുഷ്യനു ചുറ്റിലും. മാതാപിതാക്കൾ, മക്കൾ, ഭാര്യ, ഭർത്താവ്, കൂട്ടുകുടുംബങ്ങൾ തുടങ്ങി എണ്ണിയാൽ തീരാത്തത്ര ബന്ധങ്ങൾ. ഒരു വിശ്വാസിക്ക് ഇവരോടെല്ലാം ബാധ്യതകളും കടപ്പാടുകളുമുണ്ട്. അല്ലാഹുവിനോടും സ്വന്തത്തോടുമുള്ള ബാധ്യതകൾ കഴിഞ്ഞാൽ പിന്നീട് ദീനിൽ ഏറ്റവും പ്രധാനം ഈ ബന്ധങ്ങളാണ്.

കുടുംബബന്ധത്തിന്റെ പ്രാധാന്യം ഖുർആൻ ഉണർത്തുന്നുണ്ട്: "ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ നാഥനെ സൂക്ഷിച്ചു ജീവിക്കുവിൻ. ഒരൊറ്റ ആത്മാവിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും പിന്നീട് അവ രണ്ടിൽ നിന്നുമായി ധാരാളം സ്ത്രീ പുരുഷന്മാരെ ലോകത്ത് പരത്തുകയും ചെയ്തവനത്രെ അവൻ. അതിനാൽ ഏതൊരുവനെ മുൻനിർത്തിയാണോ നിങ്ങൾ പരസ്പരം അവകാശങ്ങൾ ചോദിക്കുന്നത്, ആ അല്ലാഹുവിനെ ഭയപ്പെടുവിൻ. കുടുംബബന്ധങ്ങൾ ശിഥിലമായിപ്പോകുന്നത് സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയം, അല്ലാഹു നിങ്ങളെ സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്" (*അന്നിസാഅ്* 1).

അംറുബ്നുൽ അബസ(റ) പറയുന്നു: മക്കയിൽ ഒരു പ്രവാചകൻ വന്നിട്ടുണ്ടെന്നും അദ്ദേഹം ചില കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നും അറിഞ്ഞപ്പോൾ അദ്ദേഹത്തെ കാണുന്നതിനുവേണ്ടി വാഹനപ്പുറത്ത് കയറി ഞാൻ അവിടെയെത്തി. രഹസ്യമായിട്ടായിരുന്നു റസൂൽ അന്ന് ജനങ്ങളെ സന്മാർഗത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നത്. അങ്ങനെ ഒളിഞ്ഞും മറഞ്ഞും തന്ത്രപൂർവം അദ്ദേഹത്തിന്റെ അരികിലെത്തി. ഞാൻ ചോദിച്ചു: 'താങ്കൾ ആരാണ്?' അദ്ദേഹം പറഞ്ഞു: 'പ്രവാചകനാണ്.' ഞാൻ ചോദിച്ചു: 'പ്രവാചകനെന്നാൽ?' നബി(സ): 'അല്ലാഹുവിന്റെ ദൂതൻ.' ഞാൻ: 'എന്തു സന്ദേശവുമായിട്ടാണ് അല്ലാഹു താങ്കളെ നിയോഗിച്ചിട്ടുള്ളത്?' അവിടുന്ന് പറഞ്ഞു: 'കുടുംബബന്ധം ചേർക്കാനും വിഗ്രഹങ്ങൾ ഉന്മൂലനം ചെയ്യാനും അല്ലാഹുവിൽ ഒന്നിനെയും പങ്കുചേർക്കാതെ അവന്റെ ഏകത്വം സ്ഥാപിക്കാനുമാണ് അല്ലാഹു എന്നെ നിയോഗിച്ചത്!' (മുസ്‌ലിം -1927, ഹാകിം 4/149).

ഇമാം നവവി(റ) വിശദീകരിക്കുന്നു: "കുടുംബബന്ധങ്ങൾ ചേർക്കുന്നതിൽ ദീൻ കാണിക്കുന്ന പ്രേരണക്കും പ്രോത്സാഹനത്തിനും ഈ ഹദീസിൽ വ്യക്തമായ തെളിവുണ്ട്. എന്തുകൊണ്ടെന്നാൽ പ്രവാചകൻ(സ) തൗഹീദുമായി ബന്ധപ്പെടുത്തിയാണ് കുടുംബബന്ധത്തെ പരാമർശിച്ചിരിക്കുന്നത്. ദീനിലെ മറ്റു കാര്യങ്ങൾ പറയാതെവിടുകയും കുടുംബബന്ധത്തിന്റെ പ്രാധാന്യം മാത്രം സ്മരിക്കുകയും ചെയ്തിരിക്കുന്നു. എന്നല്ല, അതിനെ ഒന്നാമതായി അദ്ദേഹം എടുത്തുപറഞ്ഞിരിക്കുന്നു!" (മിൻഹാജ് വാ. 5-6, പേ. 355).

കുടുംബബന്ധം വിഛേദിക്കൽ ഗുരുതരമായ പാപമാണ്. ദൈവകാരുണ്യം തടയപ്പെടാനും കർമങ്ങൾ വിലയില്ലാത്തതായിത്തീരാനും അത് കാരണമാകും. നബി(സ) പറഞ്ഞു: "മനുഷ്യരുടെ കർമങ്ങൾ എല്ലാ വെള്ളിയാഴ്ച രാവുകളിലും അല്ലാഹുവിന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെടും. എന്നാൽ കുടുംബബന്ധം മുറിച്ചവന്റെ കർമങ്ങൾ മാത്രം സ്വീകരിക്കപ്പെടുകയില്ല" (അഹ്മദ് 2/484).

അബ്ദുല്ലാഹിബ്നു അബീഔഫ (റ) പറയുന്നു: ഒരിക്കൽ പ്രവാചകന്റെ കൂടെ ഞങ്ങൾ ഒരു സദസ്സിൽ ഇരിക്കുകയായിരുന്നു. അവിടുന്ന് പറഞ്ഞു: 'കുടുംബബന്ധം വിഛേദിച്ചവൻ ഇന്ന് നമ്മുടെ കൂടെ ഇരിക്കരുത്.' അങ്ങനെ സദസ്സിൽ നിന്ന് ഒരാൾ എഴുന്നേറ്റുപോയി. അയാളുടെ മാതൃസഹോദരിയുടെയും അയാളുടെയും ഇടയിൽ ഒരു പ്രശ്നമുണ്ടായിരുന്നു. അയാൾ അവരുടെ അടുക്കൽ ചെന്ന് പിണക്കംതീർത്ത് തിരിച്ചുവന്നു. അപ്പോൾ നബി(സ): 'കുടുംബബന്ധം വിഛേദിച്ചവർ ഇരിക്കുന്ന സദസ്സിൽ അല്ലാഹുവിന്റെ കാരുണ്യമിറങ്ങുകയില്ല. അതുകൊണ്ടാണ് ഞാനവരോട് എഴുന്നേറ്റ് പോകാൻ ആവശ്യപ്പെടുന്നത്.' (അസ്ബഹാനി-തർഗീബ് 2290, ത്വബ്റാനി).

ആദ്യം കൊടുത്ത ഹദീസിൽ കുടുംബബന്ധത്തെ അല്ലാഹുവിലേക്കാണ് ചേർത്തിപ്പറഞ്ഞിരിക്കുന്നത്. അല്ലാഹുവും കുടുംബബന്ധവും തമ്മിലുള്ള അടുപ്പത്തെയും ദീൻ അതിന് കൽപിക്കുന്ന പ്രാധാന്യത്തെയുമാണ് അത് കാണിക്കുന്നത്. റഹ്മാൻ (കാരുണ്യവാൻ) എന്ന പദത്തിൽ നിന്നാണ് റഹിമ് (കുടുംബബന്ധം) എന്ന പദമുണ്ടായത്. അന്ത്യനാളിൽ അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവും നേടിയെടുക്കാൻ ആരാധനകൾ മാത്രം മതിയാവില്ലെന്നും മാനുഷിക ബന്ധങ്ങൾ ദീനിൽ പരമപ്രധാനമാണെന്നും ഓർമിപ്പിക്കുകയാണിവിടെ. ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ബുഖാരി അദബുൽ മുഫ്റദ് 53, അബൂദാവൂദ് - 1694, തിർമുദി 1907, അഹ്മദ് 1/191, 194 ഇബ്നു ഹിബ്ബാൻ 443 എന്നിവർ ഉദ്ധരിച്ചത്. നിവേദക പരമ്പര പ്രബലമാണെന്ന് ഇമാം തിർമിദി സാക്ഷ്യപ്പെടുത്തുന്നു.